## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1822 — 14-08-2017 ൽ മറുപടിയ്ക്ക്

## ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി

| ചോദ്യം<br>**ശ്രീ. പുരുഷൻ കടലുണ്ടി** | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| എ) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; | എ) | ലഭിച്ചിട്ടുണ്ട്. |
| ബി) ഒൻപത് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രസ്തുത മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | ബി) | പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിലോ, ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ റിപ്പോർട്ടിലോ ബാലുശ്ശേരി ഉൾപ്പെട്ടിട്ടില്ല. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലവും ലഭ്യമായിട്ടില്ല. |
| സി) കിനാലൂർ വ്യവസായ സമുച്ചയം, കക്കയം പവർഹൗസ് തുടങ്ങി ഒട്ടേറെ പരമപ്രധാന സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കാമോ? | സി) | ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലവും, കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ